# KERALA STATE WAREHOUSING CORPORATION
## (Established By Government of Kerala)
## കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ
## (കേരള സർക്കാരിനാൽ സ്ഥാപിതം)

നം.കെ.എസ്.ഡബ്ല്യു.സി/ഡയറി 2020/മാർക്കറ്റിംഗ്/2019-20 തിയതി.23.12.2019

## <u>ക്വൊട്ടേഷൻ നോട്ടീസ്</u>

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ ജീവനക്കാർക്ക് പാരിതോഷികമായി നൽകുന്നതിന് വേണ്ടി **<u>ആകർഷകമായ കണ്ടെയ്നറിൽ ഉള്ളടക്കം ചെയ്ത 50 ഗ്രാം വീതമുള്ള 350 എണ്ണം മേൽത്തരം ക്വാളിറ്റിയുള്ള സ്പെഷ്യാലിറ്റി ഗ്രീൻ ടീ</u>** **2020 ജനുവരി 7 ന്** മുൻപായി വെയർഹൗസിംഗ് കോർപ്പറേഷന്റെ എറണാകുളത്തുള്ള കേന്ദ്ര ഓഫീസിൽ ലഭ്യമാക്കുവാൻ തയ്യാറുള്ള പ്രമുഖ ടീ കമ്പനികളിൽ നിന്ന് മൽസരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

മേൽ വിവരങ്ങൾ കണക്കിലെടുത്തുകൊണ്ട് ക്വട്ടേഷനുകൾ തയ്യാറാക്കി സാമ്പിൾ (Green Tea with container) സഹിതം **31.12.2019 ന് 3 പി.എം. ന്** മുൻപായി വെയർഹൗസിംഗ് കോർപ്പറേഷന്റെ എറണാകുളത്തുള്ള കേന്ദ്ര ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. ടി ഉൽപ്പന്നം കേന്ദ്ര ഓഫീസിൽ എത്തിക്കുന്നത് വരെയുള്ള ആകെ ചിലവുകൾ നികുതി ഉൾപ്പെടുത്തി വേണം ക്വട്ടേഷൻ സമർപ്പിക്കേണ്ടത്. ലഭിച്ച ക്വട്ടേഷനുകൾ മുഴുവനും അന്നേ ദിവസം ഹാജരുള്ള ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിദ്ധ്യത്തിൽ 3.30 പി.എം. ന് തുറക്കുന്നതാണ്. ക്വട്ടേഷൻ ലഭിക്കുന്നവർ ഓർഡർ പ്രകാരമുള്ള ഉൽപ്പന്നം **07.01.2020** ന് വൈകിട്ട് **4 മണിക്ക്** മുൻപായി കോർപ്പറേഷന്റെ എറണാകുളത്തുള്ള കേന്ദ്ര ഓഫീസിൽ എത്തിക്കേണ്ടതാണ്.

യാതൊരു കാരണവും കാണിക്കാതെ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. കവറിനു മുകളിൽ **Quotations for Supplying Green Tea** എന്ന് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

**മാനേജിംഗ് ഡയറക്ടർ**

പകർപ്പ്-

1. കേന്ദ്ര ആഫീസിലെ നോട്ടീസ് ബോർഡ്
2. എല്ലാ സോണൽ ഓഫീസിലെ/റീജിയണൽ ഓഫീസിലെ നോട്ടീസ് ബോർഡിലേക്കും.